പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 4074 — 21.10.2016 ൽ മറുപടിക്ക്

## ദേശീയപാതയിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിൽ പലപ്പോഴും കാൽനടയാത്രക്കാർക്ക് ജീവൻ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് കർമ്മപദ്ധതി തയ്യാറാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിന് തിരക്കേറിയ ജംഗ്ഷനുകളിൽ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ദേശീയപാതയിൽ ഡിവൈഡർ ഇല്ലാത്ത സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക റോഡ് സേഫ്റ്റി അതോറിറ്റി വഴി കണ്ടെത്തുമോ; റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ; | (ബി) റോഡ് സുരക്ഷാ അതോറിറ്റി നേരിട്ട് പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. അതോറിറ്റിയിലെ അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളും മറ്റ സ്ഥാപനങ്ങളായ നാറ്റ്പാക്, കെൽട്രോൺ, കൂടാതെ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നിവർ റോഡ് സുരക്ഷ സംബന്ധിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അതോറിറ്റി മീറ്റിംഗിൽ പരിശോധിച്ച് അംഗീകരിക്കുന്ന പദ്ധതികൾക്ക് ഫണ്ട് നൽകുകമാത്രമാണ് അതോറിറ്റി ചെയ്യുന്നത്. പദ്ധതി നടപ്പാക്കുന്നത് അതാത് വകുപ്പുകളും സ്ഥാപനങ്ങളുമാണ്. |
| (സി) കുറ്റിപ്പുറത്തിനും കോട്ടക്കലിനും ഇടയിൽ ഇത്തരത്തിൽ നടന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദേശീയപാതയിൽ പ്രധാനസ്ഥലങ്ങളിൽ ജനങ്ങൾക്ക് കുറുകെ കടക്കുവാൻ ആവശ്യമായ സഹായംചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) കുറ്റിപ്പുറം ജംഗ്ഷനിലെ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനുള്ള ബുദ്ധിമുട്ട് കെൽട്രോണിന്റെ സഹായത്തോടെ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ